പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2564 — 09.03.2017 ന് മറുപടിയ്ക്ക്.

**ചാലക്കുടി ഐ.ടി.ഐ.**

*ചോദ്യം*

ശ്രീ.ബി.ഡി. ദേവസ്സി :

ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾക്കും, സംവിധാനങ്ങൾക്കുമടക്കം എന്തെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

10 ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിൽ ചാലക്കുടി ഐ.ടി.ഐ.യും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) -ന്റെ അംഗീകാരം ലഭിക്കുന്നതിന് വിശദമായ പദ്ധതി റിപ്പോർട്ട് കേരള അക്കാദമി ഫോർ സ്കിൽസ് (KASE) തയ്യാറാക്കി വരുന്നു.

ചാലക്കുടി ഐ.ടി.ഐ.യിലെ ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് & കമ്പ്യൂട്ടർ സ്കിൽ ബേസിക് മോഡ്യൂളിന് പകരമായി മെക്കാനിക് മെഡിക്കൽ ഇലക്ട്രോണിക്സ്, അഡീഷണൽ യൂണിറ്റും പി.എൽ.സി & ആട്ടോമൊബൈൽ ട്രേഡ് -ന് പകരമായി മെക്കാനിക് ഓട്ടോ ബോഡി പെയിന്റിംഗ് ട്രേഡും അഡ്വാൻസ്ഡ് വെൽഡർ ട്രേഡ് - ന് പകരമായി വെൽഡർ (വെൽഡിംഗ് & ഇൻസ്പെക്ഷൻ) ട്രേഡും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ രണ്ടാം നില നിർമ്മാണത്തിനും ട്രാൻസ്ഫോർമർ കാബിന്റെ നിർമ്മാണത്തിനും അനുമതി നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഹൈ ടെൻഷൻ കണക്ഷൻ എടുക്കുന്നതിനും ചുറ്റുമതിൽ ജലസംഭരണി എന്നിവയുടെ നിർമ്മാണത്തിനും അനുമതി നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ വർക്ക്ഷോപ്പ് ട്രേഡുകളുടെ ഇലക്ട്രിഫിക്കേഷൻ, പഴയ ബ്ലോക്കുകൾ റീവയറിംഗ്, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, എം.എം.വി. ട്രേഡിന്റെ ഗാരേജ് കൺസ്ട്രക്ഷൻ, എം.ആർ.ടി.വി. ലാബ് നവീകരണം തുടങ്ങിയവയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷം ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ